# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 578
## (07.01.2014-ൽ മറുപടി നൽകേണ്ടത്)

## കഴിഞ്ഞ ബജറ്റിൽ (2013-14) പ്രഖ്യാപിക്കാത്ത പദ്ധതികൾ/ പ്രവൃത്തികൾ

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

ഉത്തരം

ശ്രീ.കെ.എം.മാണി
(ബഹു.ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| നം | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കഴിഞ്ഞ ബജറ്റിൽ (2013-14) പ്രഖ്യാപിക്കാത്ത എത്ര പദ്ധതികൾക്ക്/ പ്രവൃത്തികൾക്ക് പിന്നീട് അനുമതി നൽകിയെന്നുള്ള വിവരം നൽകാമോ? | കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിക്കാത്ത 268 പദ്ധതികൾക്ക് പിന്നീട് അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.<br><br>1. പട്ടികജാതി വികസന വകുപ്പ്<br>സ്വയം പര്യാപ്ത ഗ്രാമം എന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. (അനുബന്ധം-എ)<br>2. ടൂറിസം വകുപ്പ്<br>ആകെ 100 പദ്ധതികൾക്ക് അനുമതി നൽകി (അനുബന്ധം-ബി)<br>3. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ<br>ക്രിട്ടിക്കൽ മിനറൽ റിസർച്ച് സെന്റർ എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി.<br>4. റവന്യൂ (ദേവസ്വം) വകുപ്പ്<br>7 പദ്ധതികൾക്ക് അനുമതി നൽകി.<br>5. ക്ഷീര വികസന വകുപ്പ്<br>3 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>i) SIQ &CMP എന്ന കേന്ദ്രാവിഷ്കൃത പദ്ധതി<br>ii) കോൺട്രിബ്യൂഷൻ ടു ഡയറി ഫാർമേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്<br>iii) അടൂർ അമ്മക്കണ്ടക്കര ക്ഷീര പരിശീലന കേന്ദ്ര നിർമ്മാണം |

| | | |
|---|---|---|
| | | **6. പൊതുമരാമത്ത് വകുപ്പ്**<br>നിരത്തുകളും പാലങ്ങളും, വിഭാഗത്തിൽ 147 പ്രവൃത്തികൾക്കും, കെട്ടിട വിഭാഗത്തിൽ 1 പ്രവൃത്തിക്കും അനുമതി നൽകി. (അനുബന്ധം-സി)<br>**7. വിവര സാങ്കേതിക വകുപ്പ്**<br>IT- വിവര സാങ്കേതിക വിദ്യാ വകുപ്പിന് 'സർവീസ് പ്ലസിന്' തത്വത്തിൽ അംഗീകാരം നൽകി.<br>**8. മോട്ടോർ വാഹന വകുപ്പ്**<br>3 പദ്ധതികൾക്ക് അനുമതി നൽകി<br>(i) ഡ്രൈവിംഗ് സിമുലേറ്റർ വാങ്ങുന്നതിന്<br>(ii) ക്യാമറ വാങ്ങുന്നതിന്<br>(iii) ഇന്റർസെപ്റ്റർ വാങ്ങുന്നതിന്<br>**9. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**<br>3 പദ്ധതികൾക്ക് അനുമതി നൽകി<br>i) കേരള ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി<br>(ii) മാർജിൻ മണി വായ്പ കടിശിക തീർക്കുന്നതിനുള്ള പദ്ധതി<br>(iii) സോളാർ പി.വി.സിസ്റ്റം നടപ്പിലാക്കുന്നതിനായുള്ള പദ്ധതി<br>**10. കൃഷി വകുപ്പ്**<br>ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത പദ്ധതികൾക്കൊന്നും തന്നെ ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ ബജറ്റിൽ ഉൾപ്പെടാതിരിക്കുകയും ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ കർഷക രജിസ്ട്രേഷന്റെ പ്രാരംഭ നടപടികൾക്കായി നിലവിലുള്ള പദ്ധതിയിൽ നിന്നും തുക കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ മണ്ഡലം തിരിച്ചുള്ള വിവരവും പദ്ധതികളുടെയും അനുമതി നൽകിയ തുകകളുടെയും വിവരങ്ങളും നൽകാമോ? | ഇങ്ങനെ അനുമതി നൽകിയിരിക്കുന്ന ഭൂരിപക്ഷം പദ്ധതികൾക്കും മണ്ഡലം തിരിച്ചല്ല അനുമതി നൽകിയിരിക്കുന്നതും തുക വകയിരുത്തിയിരിക്കുന്നതും. അതിനാൽ ഇങ്ങനെ അനുമതി നൽകിയ എല്ലാ പദ്ധതികൾക്കും മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമായ പദ്ധതികളെ സംബന്ധിച്ച് അത്തരം വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>**1. പട്ടികജാതി വികസന വകുപ്പ്**<br>ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ 100 കോളനികളിൽ നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം-എ യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>**2. ടൂറിസം വകുപ്പ്**<br>ആകെ 100 പദ്ധതി . വിശദ വിവരങ്ങൾ അനുബന്ധം-ബി യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

3. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ക്രിട്ടിക്കൽ മിനറൽ റിസർച്ച് സെന്റർ എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ടിനു വേണ്ടി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

4. റവന്യൂ (ദേവസ്വം) വകുപ്പ്

i) ശബരിമലയിലെ പോലീസുകാർക്ക് മെസ് സബ്സിഡി 1,85,00,000/- രൂപ

ii) ചൊവ്വല്ലൂർ ശിവക്ഷേത്ര പുനരുദ്ധാരണം 4,00,000/- രൂപ

iii) ഹരിവരാസനം അവാർഡ് 60,000/- രൂപ

iv) പത്മ തീർത്ഥക്കുളം വൃത്തിയാക്കൽ സംബന്ധിച്ച് 30,000/- രൂപ

v) ദേവസ്വംബോർഡ് ഇലക്ഷൻ ഹോണറേറിയം 25,000/- രൂപ

vi) ശബരിമല തീർത്ഥാടനത്തിന് തിരുവനന്തപുരം, ഇടുക്കി, പത്തനംതിട്ട, കോട്ടയം, മലപ്പുറം എന്നീ ജില്ലാകളക്ടർമാർക്ക് contingency fund-ൽ നിന്നും 65,00,000/- രൂപ അനുവദിച്ചു.

vii) പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ Digital Archiving-നായി 86.37 ലക്ഷം രൂപ അധിക ഫണ്ട് അനുവദിച്ചു.

5. ക്ഷീര വികസന വകുപ്പ്

(i) SIQ&CMP എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 2013-14 SDG പ്രകാരം 135 ലക്ഷം രൂപയിൽ 85.62 ലക്ഷം രൂപ വയനാട് ജില്ലയ്ക്കും 49.38 ലക്ഷം രൂപ കണ്ണൂർ ജില്ലയ്ക്കും അനുവദിച്ചു.

(ii) കോൺട്രിബ്യൂഷൻ ടു ഡയറി ഫാർമേഴ്സ് വെൽഫയർഫണ്ട് ബോർഡിന് 420 ലക്ഷം രൂപ അനുവദിച്ചു. കേരളമൊട്ടുക്കെ ക്ഷീര കർഷക പെൻഷൻ അനുവദിക്കേണ്ട തുകയായതിനാൽ മണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല.

(iii) അട്ടൂർ അമ്മക്കണ്ടക്കര ക്ഷീര പരിശീലന കേന്ദ്ര നിർമ്മാണത്തിനായി 443.07 ലക്ഷം രൂപ അനുവദിച്ചു.

6. പൊതുമരാമത്ത് വകുപ്പ്

വിശദ വിവരങ്ങൾ അനുബന്ധം (സി) യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

7. വിവര സാങ്കേതിക വകുപ്പ്

വിവര സാങ്കേതിക വിദ്യാ വകുപ്പിന് 'സർവീസ് പ്ലസ്' നടപ്പാക്കുന്നതിന് 15 ലക്ഷം രൂപ ധനപുനർ വിനിയോഗം വഴി കണ്ടെത്തുന്നതിന് അനുമതി നൽകി.

| | | |
|---|---|---|
| | | 8. മോട്ടോർ വാഹന വകുപ്പ്<br>മണ്ഡലം തിരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിയത്.<br>(i) 3 ഡ്രൈവിംഗ് സിമുലേറ്റർ വാങ്ങുന്നതിന് 114 ലക്ഷം രൂപ അനുവദിച്ചു.<br>(ii) 500 ക്യാമറ വാങ്ങുന്നതിന് 30 ലക്ഷം രൂപ അനുവദിച്ചു.<br>(iii) 7 ഇന്റർസെപ്റ്റർ വാങ്ങുന്നതിന് 175 ലക്ഷം രൂപ അനുവദിച്ചു.<br>9. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്<br>(i) കേരള ദിനേശ് ബീഡി തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി പ്രകാരം അനുവദിച്ച 2 കോടി രൂപ കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.<br>(ii) മാർജിൻമണി വായ്പ കുടിശിക തീർക്കുന്നതിന് അനുവദിച്ച 4.34 കോടി രൂപയുടെ പ്രയോജനം 263 യൂണിറ്റുകൾക്ക് ലഭിച്ചു. (ഇടുക്കി ഒഴികെ)<br>(iii) സോളാർ പി.വി.സിസ്റ്റം നടപ്പിലാക്കുന്നതിനായി 1 കോടി രൂപ എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.<br>10. കൃഷി വകുപ്പ്<br>ബജറ്റിൽ ഉൾപ്പെടാതിരിക്കുകയും ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ കർഷക രജിസ്ട്രേഷന്റെ പ്രാരംഭ നടപടികൾക്കായി നിലവിലുള്ള പദ്ധതിയിൽ നിന്നും തുക കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**